"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് -കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ ഓവർസിയർ ഗ്രേഡ് II തസ്തികയിൽ കൊല്ലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ശ്രീ.സതീശ്കുമാർ.വി-യുടെ കരാർ നിയമന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1037/2024/AGRI തീയതി,തിരുവനന്തപുരം, 02-11-2024

---

പരാമർശം:- 1. സ.ഉ.(പി) നം.56/2017/FIN തീയതി 28/04/2017

2. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 22/08/2024-ലെ കെ.എസ്.ഡബ്ല്യൂ.സി/അഡ്മിൻ3/2024-25 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ ഓവർസീയർ ഗ്രേഡ് II തസ്തികയിൽ, കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.സതീശ്കുമാർ.വി-യുടെ കരാർ കാലാവധി 08/11/2024-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, വെയർഹൗസുകളുടെ നിർമ്മാണ മേഖലയിലുള്ള ടിയാളുടെ പ്രവർത്തി പരിചയവും, മികവും കണക്കിലെടുത്ത് കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് മാനേജിംഗ് ഡയറകടർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരാർ ദിവസ വേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധന വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല എന്ന വ്യകതമായ നിബന്ധന പുതിയ കരാറിൽ ഉൾപ്പെടുത്തി ശ്രീ.സതീശ്കുമാർ.വി-യുടെ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ ഓവർസീയർ ഗ്രേഡ് II തസ്തികയിലെ കരാർ കാലാവധി, നിലവിലെ കരാർ കാലാവധി അവസാനിക്കുന്ന 08.11.2024-ന് ശേഷം രണ്ടു ദിവസത്തെ ഇടവേള നൽകി (9.11.2024, 10.11.2024 തീയതികൾ അവധി ദിവസങ്ങൾ ആകയാൽ) 12.11.2024 മുതൽ ഒരു വർ ഷത്തേക്ക് പുതിയ കരാർ നിയമനം നൽകാൻ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ
2. ശ്രീ. സതീശ്കുമാർ. വി ഓവർസീയർ ഗ്രേഡ് II കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ( മാനേജിംഗ് ഡയറക്ടർ മുഖാന്തരം)
3. എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും (മാനേജിംഗ് ഡയറക്ടർ മുഖാന്തരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ( എ& ഇ) കേരള
5. ധനകാര്യ (പി.യു-എ) വകുപ്പ് ( 2901356/PU-A1/123/2024-FIN) പ്രകാരം
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഐ& പി.ആർ) വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 02-11-2024 14:10:33
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്